*ഇടവക സന്ദർശനം*
*സെന്റ് ജൂഡ്സ് ദേവാലയം, ചിന്നത്തുറ*
*ഫെബ്രുവരി 08, 2009*

# ആണ്ടുവട്ടം അഞ്ചാം ഞായർ

***ജോബ് 7, 1-4, 6-7; 1 കൊറി. 9, 16-19, 22-23; മാർക്ക് 1, 29-39***

ഈ ലോകത്തിൽ നാം എത്രകൊല്ലം ജീവിക്കും? സങ്കീർത്തനങ്ങളുടെ പുസ്തകത്തിൽ കാണുന്ന ഉത്തരമിതാണ്: ''ഞങ്ങളുടെ ആയുഷ്ക്കാലം എഴുപതുവർഷമാണ്; ഏറിയാൽ എൺപത്. എന്നിട്ടും അക്കാലമത്രയും അദ്ധ്വാനവും ദുരിതവുമാണ്. അവ പെട്ടെന്ന് തീർന്ന് ഞങ്ങൾ കടന്നുപോകും'' (സങ്കീ. 9, 10). വീണ്ടും സങ്കീർത്തകൻ തന്നെ നമ്മെ അനുസ്മരിപ്പിക്കുന്നതിതാണ്; ''മനുഷ്യന്റെ ജീവിതം പുല്ലുപോലെയാണ്. വയലിലെ പൂപോലെ അത് വിരിയുന്നു. എന്നാൽ കാറ്റടിക്കുമ്പോൾ അത് കൊഴിഞ്ഞു പോകുന്നു. അത് നിന്നിരുന്നിടം പോലും അതിനെ ഓർക്കുന്നില്ല'' (സങ്കീ. 103, 15-16). ഇന്നു നാം വായിച്ചുകേട്ട ആദ്യത്തെ ലേഖനത്തിലും ദുരന്തങ്ങളിലൂടെ കടന്നുപോകുന്ന ജോബ് നമ്മോട് പറയുന്നതും ഇതുതന്നെയാണ്: ''എന്റെ ദിനങ്ങൾ നെയ്ത്തുക്കാരന്റെ ഓടത്തെക്കാൾ വേഗത്തിൽ കടന്നുപോകുന്നു'' (ജോബ് 7, 6). ശൂന്യതയുടെ മാസങ്ങളും ദുരിതങ്ങളുടെ രാവുകളുമായിട്ടാണ് ജോബ് തന്റെ ദിവസങ്ങളെ വിശേഷിപ്പിക്കുന്നത്.

ഈ ലോകത്തിൽ നിലനിൽക്കുന്ന ഒരു ഭവനം നമുക്കില്ല. സ്വർഗ്ഗീയ ഭവനം, സ്വർഗ്ഗ രാജ്യം, ദൈവരാജ്യം ലക്ഷ്യമാക്കി യാത്രചെയ്യുന്ന തീർത്ഥാടകരാണ് നാം. കണ്ണടച്ചു തുറക്കുന്ന നിമിഷങ്ങൾ കൊണ്ട് ഈ ലോകത്തിലെ നമ്മുടെ ജീവിതം അവസാനിക്കും. എങ്കിലും സ്വർഗ്ഗീയ ഭവനത്തിൽ, നിത്യ സൗഭാഗ്യത്തിൽ നാം പ്രവേശിക്കുന്നത് ഈ ലോകത്തിലെ നമ്മുടെ ജീവിതത്തെ ആശ്രയിച്ചിരിക്കും. നമുക്ക് ഇവിടെ പാഴാക്കാൻ നിമിഷങ്ങളില്ല. ഈ ലോകത്തിൽ ദൈവം നമ്മുക്ക് തരുന്ന സമയം മുഴുവൻ പുണ്യപ്രവൃത്തികൾ ചെയ്തുകൊണ്ട് സ്വർഗ്ഗത്തിൽ അഴിഞ്ഞുപോകാത്ത സമ്പാദ്യങ്ങൾ കരുതിവയ്ക്കാനുള്ളതാണ്. ഈ ലോകത്തിൽ നമുക്ക് കിട്ടുന്ന ചുരുങ്ങിയ ജീവിതകാലത്ത് എന്തുചെയ്താലാണ് നമുക്ക് ദൈവരാജ്യത്തിൽ പ്രവേശിക്കാൻ സാധിക്കുന്നത്? ഇതിനായി മൂന്നുകാര്യങ്ങൾ ചെയ്യണമെന്നാണ് യേശു തന്റെ മാതൃകയിലൂടെ നമ്മെ പഠിപ്പിക്കുന്നത്. യേശുവിന്റെ ജീവിതത്തെ മുഴുവൻ ഈ മൂന്നു കാര്യങ്ങളിൽ സംഗ്രഹിക്കാൻ സാധിക്കും.

- ഒന്നാമതായി യേശു ദൈവരാജ്യത്തിന്റെ സുവിശേഷം പ്രസംഗിച്ചുകൊണ്ട് ദൈവരാജ്യത്തെ കുറിച്ചുള്ള ഓർമ്മ നിലനിറുത്തുകയും ആ ദൈവരാജ്യം ഈ ലോകത്തു തന്നെ അനുഭവിച്ചു തുടങ്ങാനുള്ള സാഹചര്യം സൃഷ്ടിക്കുകയും ചെയ്തു.
- രണ്ടാമതായി ദൈവരാജ്യത്തിൽ പ്രവേശിക്കുന്നതിൽ നിന്ന് നമ്മെ തടസ്സപ്പെടുത്തുന്ന പിശാചിനെ അതായത് തിന്മയുടെ ശക്തികളെ അവിടുന്ന് ബഹിഷ്ക്കരിച്ചു.
- മൂന്നാമതായി അവിടുന്ന് രോഗികളെ സൗഖ്യമാക്കി. അതായത് തന്നെ സമീപിച്ച എല്ലാവർക്കും നന്മ ചെയ്തുകൊടുത്തുകൊണ്ട് അവിടുന്ന് കടന്നുപോയി.

രോഗിയായ പത്രോസിന്റെ അമ്മായിയമ്മയെ യേശു സുഖപ്പെടുത്തുന്ന ഭാഗമാണ് ഇന്നത്തെ സുവിശേഷത്തിന്റെ ആദ്യഭാഗത്തു നാം വായിച്ചുകേട്ടത്. വിവിധ രോഗങ്ങൾ ബാധിച്ച അനേകം പേരെ യേശു സുഖപ്പെടുത്തിയതായും ഇന്നത്തെ സുവിശേഷത്തിൽ നാം കാണുന്നു. സിനഗോഗുകളിൽ ദൈവരാജ്യത്തിന്റെ സുവിശേഷം പ്രസംഗിച്ചുകൊണ്ട് പിശാചുക്കളെ പുറത്താക്കിക്കൊണ്ടും യേശു

ഗലീലിയിലുടനീളം സഞ്ചരിച്ചു എന്നു പറഞ്ഞുകൊണ്ടാണ് ഇന്നത്തെ സുവിശേഷ ഭാഗം അവസാനിക്കുന്നത്.

ഈ ലോകത്തിലെ നമ്മുടെ ചുരുങ്ങിയ ജീവിതത്തെ ധന്യമാക്കുവാൻ, അങ്ങനെ ദൈവരാജ്യത്തിൽ പ്രവേശിക്കുന്നതിന് നമ്മെത്തന്നെ ഒരുക്കുവാൻ ഈ മൂന്നു കാര്യങ്ങളും ചെയ്യണമെന്നാണ് യേശു തന്റെ അപ്പോസ്തലന്മാരെയും തന്റെ ശിഷ്യരായ എല്ലാവരെയും ഉപദേശിക്കുന്നത്: ''പോകുവിൻ, പോകുമ്പോൾ സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു എന്ന് പ്രസംഗിക്കുവിൻ. രോഗികളെ സുഖപ്പെടുത്തുകയും... പിശാചുക്കളെ ബഹിഷ്ക്കരിക്കുകയും ചെയ്യുവിൻ'' (മത്താ. 10, 7-8). ഈ മൂന്നു കാര്യങ്ങളിൽ രോഗികളെ സൗഖ്യമാക്കുക, അതായത് നമ്മാലാവുന്ന നന്മ ചുറ്റുമുള്ളവർക്ക് ചെയ്തുകൊണ്ട് നമ്മുടെ ജീവിതത്തെ സുകൃതസമ്പന്നമാക്കുക എന്ന നമ്മുടെ ദൗത്യത്തെക്കുറിച്ച് ഇന്നത്തെ സുവിശേഷത്തിന്റെ വെളിച്ചത്തിൽ കുറേനേരം ചിന്തിക്കുവാൻ ഞാൻ നിങ്ങളെ ക്ഷണിക്കുകയാണ്.

നന്മ ചെയ്തുകൊണ്ട് തങ്ങളുടെ ജീവിതത്തെ സുകൃത സമ്പന്നമാക്കി സ്വർഗ്ഗരാജ്യ പ്രവേശനത്തിന് ഒരുങ്ങുന്നതിനു പകരം തിന്മചെയ്യുന്നതിൽ ഒരുതരം സന്തോഷം കണ്ടെത്തുകയും അതുവഴി തങ്ങളുടെ ജീവിതത്തെ നശിപ്പിക്കുകയും ചെയ്യുന്ന മനുഷ്യർ നമ്മുടെ ഇടയിൽ ധാരാളമുണ്ട്. കുറെ നാളുകൾക്ക് മുൻപ് ഒരു വാരികയിൽ വായിച്ച സാരോപദേശ കഥയാണിത്. ഗുരുവും ശിഷ്യനും കൂടി സന്ധ്യയ്ക്ക് നടക്കാനിറങ്ങി. പാടത്ത് പണിചെയ്യാനിറങ്ങിയ ഒരു കൃഷിക്കാരന്റെ ചെരുപ്പുകൾ വരമ്പത്ത് കിടക്കുന്നുണ്ടായിരുന്നു. ശിഷ്യൻ ഒരു കുട്ടിക്കുറുമ്പനാണ്. അവൻ ഗുരുവിനോടു പറഞ്ഞു: ''നമുക്കൊരു തമാശയുണ്ടാക്കാം. രണ്ടു ചെരുപ്പുകളിൽ ഒന്നെടുത്ത് ഞാൻ ഒളിച്ചുവയ്ക്കാം. ചെരുപ്പു കാണാതെ വരുമ്പോൾ അത് അയാളിൽ ഉളവാക്കുന്ന പരിഭ്രമവും ദേഷ്യവും, വേദനയും നമുക്ക് ഈ മരത്തിന് പിന്നിൽ ഒളിച്ചിരുന്ന് കണ്ടു രസിക്കാം.''

ഗുരു ശിഷ്യനോട് ചോദിച്ചു: ''മറ്റുള്ളവരിൽ പരിഭ്രമവും കോപവും വേദനയുമുണ്ടാക്കിയിട്ട് അതുകണ്ട് രസിക്കുന്നത് നല്ലതാണോ? ഞാൻ നിനക്ക് മറ്റൊരു മാർഗ്ഗം പറഞ്ഞുതരാം. നിന്റെ കീശയിൽ നിന്ന് ഒരു വെള്ളി നാണയമെടുത്ത് നീ അവന്റെ ചെരുപ്പിൽ വയ്ക്കുക. എന്നിട്ട് എന്താണ് സംഭവിക്കുന്നതെന്ന് നമുക്ക് ഈ വൃക്ഷത്തിന്റെ പിന്നിൽ മറഞ്ഞിരുന്ന് നോക്കാം.'' ശിഷ്യൻ അപ്രകാരം ചെയ്തു.

പണികഴിഞ്ഞ് വരമ്പത്തെത്തിയ കർഷകൻ ചെരുപ്പിൽ വച്ചിരുന്ന വെള്ളിനാണയം കണ്ട് അത്യധികം അത്ഭുതപ്പെട്ടു. പിന്നെ അവന്റെ കണ്ണുകൾ സന്തോഷം കൊണ്ടു നിറഞ്ഞു. അയാൾ കണ്ണുകളടച്ച്, കൈകൾ കൂപ്പി ഇപ്രകാരം ദൈവത്തിന് നന്ദി പറഞ്ഞു: ''ദൈവമേ, എത്ര ആഴമാണ് എന്നോടുള്ള നിന്റെ സ്നേഹം. എന്റെ ദാരിദ്ര്യം കണ്ട് മനസ്സലിഞ്ഞ അങ്ങ് ഏതോ നല്ല മനുഷ്യരുടെ കരങ്ങളിലൂടെ ഒരു വെള്ളി നാണയം സമ്മാനിച്ചിരിക്കുന്നു. നിന്റെ നാമം വാഴ്ത്തപ്പെടട്ടെ. ഈ നാണയം സമ്മാനിച്ചവരെയും അനുഗ്രഹിക്കേണമേ''.

മറഞ്ഞിരുന്ന് ഇതെല്ലാം കണ്ടുകൊണ്ടു നിന്ന ശിഷ്യന്റെ കണ്ണുകളും നിറഞ്ഞു. ഗുരു ശിഷ്യനോടു ചോദിച്ചു: ''നീ തന്നെ ഇപ്പോൾ പറയുക. നമ്മുടെ പ്രവൃത്തികൾ വഴി മറ്റുള്ളവർ വേദനിക്കുന്നതും അസ്വസ്ഥരാകുന്നതും നല്ലതാണോ? മറ്റുള്ളവരെ സന്തോഷിപ്പിക്കുകയും അവരെ എപ്പോഴും ദൈവത്തിങ്കലേയ്ക്ക് അടുപ്പിക്കുകയും ചെയ്യുന്ന പ്രവൃത്തികളല്ലേ നാം ചെയ്യേണ്ടത്?'' യേശുവും നമ്മെ പഠിപ്പിച്ചിരിക്കുന്നത് ഇപ്രകാരമാണല്ലോ: ''മനുഷ്യർ നിങ്ങളുടെ സൽപ്രവൃത്തികൾ കണ്ട് സ്വർഗ്ഗസ്ഥനായ

നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ'' (മത്താ. 5, 16).

തിന്മയിലേയ്ക്ക് ചാഞ്ഞിരിക്കുന്ന ബലഹീനമായ ഒരു മനുഷ്യപ്രകൃതിയാണ് നമുക്കുള്ളത്. തിന്മ ചെയ്യുന്നതിൽ ആഹ്ലാദിക്കുന്ന തിന്മയ്ക്ക് കൂട്ടു നിൽക്കുന്ന, ഏതു തിന്മയും ചെയ്യാനും മടിക്കാത്ത മനുഷ്യർ നമ്മുടെ ഇടയിൽ ധാരാളമുണ്ട്. ലോകവും പിശാചും ശരീരവും നമ്മെ സദാ തിന്മയിലേയ്ക്ക് ആകർഷിച്ചുകൊണ്ടിരിക്കുന്നു. ഈ തിന്മകളുടെ ഒരു പട്ടിക തന്നെ പൗലോസ് അപ്പോസ്തലൻ ഗലേഷ്യക്കാർക്കുള്ള ലേഖനത്തിൽ നൽകുന്നുണ്ട്: ''അവ വ്യഭിചാരം, അശുദ്ധി, ദുർവൃത്തി, വിഗ്രഹാരാധന, ആഭിചാരം, ശത്രുത, കലഹം, അസൂയ, കോപം, മാത്സര്യം, ഭിന്നത, വിഭാഗീയ ചിന്ത, വിദ്വേഷം, മദ്യപാനം, മദിരോത്സവം, ഇവയും ഇവയ്ക്ക് സദൃശ്യമായ മറ്റു പ്രവൃത്തികളുമാണ്'' (ഗലേ. 5, 19-26). ഏതാനും മാസങ്ങൾക്കു മുമ്പ് ഒറീസായിലെ ക്രിസ്ത്യാനികൾ എപ്രകാരം വേട്ടയാടപ്പെട്ടുവെന്ന് പത്രമാദ്ധ്യമങ്ങളിലൂടെ വന്ന വാർത്തകൾ നിങ്ങൾ ശ്രദ്ധിച്ചുകാണും. തിന്മയുടെ ശക്തികൾ അവിടെ അഴിഞ്ഞാടുകയായിരുന്നു. തീവ്രവാദികൾ ക്രൈസ്തവരുടെ 4677 ഭവനങ്ങൾ നശിപ്പിച്ചു. 236 ദൈവാലയങ്ങളും 30 സ്ഥാപനങ്ങളും തകർത്തു. രണ്ടു വൈദീകരെ ജീവനോടെ ചുട്ടുകരിച്ചതിനോടൊപ്പം 81 പേരെയാണ് അവർ കൊന്നൊടുക്കിയത്. 22236 പേർ അഭയാർത്ഥി ക്യാമ്പുകളിലേയ്ക്കും 40000 ത്തിലധികം പേർ കാടുകളിലേയ്ക്കും ഓടിയൊളിച്ചു. കേന്ദ്രസർക്കാരിനെയും സംസ്ഥാന സർക്കാരിനെയും വകവയ്ക്കാതെയാണ് തീവ്രവാദികൾ പട്ടാപകൽ പരസ്യമായി ഇത്തരം അക്രമപ്രവർത്തനങ്ങളിലേർപ്പെട്ടത്. ഈ അടുത്ത കാലത്ത് മുംബെയിൽ സംഭവിച്ചതും നമുക്കറിയാം. ഒരു കൂട്ടം അക്രമികൾ പെട്ടെന്ന് റെയിൽവേ സ്റ്റേഷനിലും ഹോട്ടലുകളിലും ഇരച്ചുകയറി കണ്ടവരെയൊക്കെ വെടിവച്ചു കൊന്നു. അക്രമത്തിലും രക്തച്ചൊരിച്ചിലിലും കൊലപാതകത്തിലുമൊക്കെ ഒരു തരം സന്തോഷവും സംതൃപ്തിയും കണ്ടെത്തുന്ന മനുഷ്യരുടെ എണ്ണം വർദ്ധിച്ചു വരികയാണ്. എന്നാൽ ഈ പൈശാചിക പ്രവർത്തനങ്ങളുടെ ഇടയ്ക്കും പ്രകാശത്തിന്റെ വെള്ളി രേഖകളും കാണാൻ സാധിക്കുന്നുണ്ട്. ഒറീസായിലെ ഭീകരപ്രവർത്തനങ്ങളുടെ ഇടയ്ക്ക് ശരീരം മുഴുവൻ പൊള്ളലേറ്റ നമ്രത എന്ന പേരുള്ള പത്തുവയസ്സായ ഒരു ബാലിക അല്പം സുഖമായപ്പോൾ പറഞ്ഞതിപ്രകാരമാണ്: ''എന്റെ വീട് ചുട്ടുകരിച്ചവരോടും എന്നെ ആക്രമിച്ചവരോടും ഞാൻ ക്ഷമിക്കുന്നു. യേശുവിന്റെ സ്നേഹമെന്തെന്ന് അറിയാത്തതു കൊണ്ടാണ് അവർ ഇപ്രകാരം ചെയ്തത്. അതുകൊണ്ട് ഞാൻ നന്നായി പഠിക്കും. എന്നിട്ട് വലുതാകുമ്പോൾ യേശുവിന്റെ സ്നേഹത്തെക്കുറിച്ച് എല്ലാവരോടും പറയും. സുവിശേഷം പ്രസംഗിക്കുന്ന പ്രചാരക ആകണമെന്നാണ് എന്റെ ആഗ്രഹം. എന്റെ ജീവിതം യേശുവിനും സുവിശേഷത്തിനുമായി ഞാൻ സമർപ്പിക്കും''.

പത്തുകൊല്ലങ്ങൾക്കു മുൻപ്, അതായത് 1999 ജനുവരി മാസം 23-ാം തിയതി ഒറീസായിൽത്തന്നെ നടന്ന കൂട്ടക്കൊല നമ്മുടെ മനസ്സിൽ നിന്നും ഇനിയും മാഞ്ഞിട്ടില്ല. 36 വർഷമായി അവിടുത്തെ കുഷ്ഠരോഗികളുടെ ഇടയിൽ സേവനമനുഷ്ഠിച്ചിരുന്ന സ്നേഹസമ്പന്നനും ത്യാഗമൂർത്തിയുമായ ഗ്രഹാം സ്റ്റ്യൂവർട്ട് സ്റ്റെയ്ൻസ് എന്ന നല്ല മനുഷ്യൻ, ആ രാത്രിയിൽ കുറേനേരം തന്റെ വണ്ടിയിലിരുന്ന് വിശ്രമിക്കുകയായിരുന്നു. അദ്ദേഹത്തിന്റെ രണ്ട് പിഞ്ചോമനകളായ ഒൻപതു വയസ്സുള്ള ഫിലിപ്പും ഏഴുവയസ്സുള്ള തിമോത്തിയും അദ്ദേഹത്തോടൊപ്പമുണ്ടായിരുന്നു. അർദ്ധരാത്രി ക്രിസ്ത്യാനികളെ വേട്ടയാടിക്കൊണ്ടിരുന്ന ഒരു സംഘം തീവ്രവാദികൾ അവർ വിശ്രമിച്ചിരുന്ന വണ്ടിക്ക് പെട്രോളൊഴിച്ച് തീവച്ചു. പൊള്ളലേറ്റ് പുറത്തുചാടാൻ ശ്രമിച്ച അവരെ വാരിക്കുന്തം കൊണ്ട് കഠിനഹൃദയരായ ആ മനുഷ്യർ വീണ്ടും തീയിലേയ്ക്ക് തന്നെ തള്ളിയിട്ടു. പിറ്റേ ദിവസം പരസ്പരം കെട്ടിപ്പിടിച്ചുകൊണ്ട് കരിക്കട്ടയായി കിടക്കുന്ന അവരുടെ മൃതദേഹങ്ങളാണ് നാട്ടുകാർക്ക് കാണാൻ സാധിച്ചത്.

ഹൃദയഭേദകമായ ഈ രംഗമാണ് പ്രഭാതത്തിൽ ഭർത്താവിനെയും മക്കളെയും തിരക്കിവന്ന ഗ്ലാഡിസ് എന്ന മഹതി കാണുന്നത്. വ്യാകുലമാതാവിന്റെ അനുഭവമായിരുന്നു അവരുടേത്; അനേകം വാളുകൾ ഹൃദയത്തിൽ കുത്തിക്കയറുന്നതായി അവർക്ക് തോന്നി. എങ്കിലും നിയന്ത്രണം വിടാതെ, ആരോടും ഒരു പകയുമില്ലാതെ, നിറഞ്ഞ കണ്ണുകളോടെ അവർ ഇപ്രകാരം പറഞ്ഞു: ''യേശുവിനോടുള്ള സ്നേഹത്തെപ്രതി ഞാൻ ഇവരോടെല്ലാം ക്ഷമിക്കുന്നു.'' അവരുടെ ഈ പ്രതികരണത്തിൽ അത്ഭുതപ്പെട്ടുകൊണ്ട് ചുറ്റും നിന്നവർ ഇപ്രകാരം വിളിച്ചു പറഞ്ഞു: ''യേശു തീർച്ചയായും ഉണ്ട്. സ്നേഹിക്കുന്ന യേശു, ക്ഷമിക്കുന്ന യേശു ഇതാ ഗ്ലാഡിസ് എന്ന ഈ സ്ത്രീരത്നത്തിൽ ജീവിക്കുന്നു.'' യേശുവിലുള്ള വിശ്വാസത്തിന് അവർ നൽകിയ ഏറ്റവും വലിയ സാക്ഷ്യമായിരുന്നു അത്.

എന്തിന് ഒറീസ്സായിലേയും മുംബെയിലെയും തീവ്രവാദികളെക്കുറിച്ച് മാത്രം നാം ചിന്തിക്കുന്നു? ഒരു പക്ഷേ ഇതിനേക്കാളും കഠിനഹൃദയരായ ആളുകൾ നമ്മുടെ ഇടയിലില്ലേ? നിസ്സാര കാര്യങ്ങൾക്കുപോലും പൊട്ടിത്തെറിക്കുന്ന, അസഭ്യം പറയുന്ന, അടിപിടികൂടുന്ന രക്തചൊരിച്ചിലിനും കൊലപാതകത്തിനും തന്നെ തുനിയുന്ന എത്രയോ ആളുകളാണ് നമ്മുടെ ഈ തീരപ്രദേശങ്ങളിൽ തന്നെയുള്ളത്! ക്രിസ്തുവിന്റെ ശിഷ്യന്മാരെന്നു പറയുന്നവരാണ് നാം. ക്രിസ്തുവിന്റെ പ്രബോധനങ്ങളും സ്നേഹവും ക്ഷമയും മാതൃകയും എത്രമാത്രം നമ്മെ സ്വാധീനിച്ചിട്ടുണ്ടെന്ന് ചിന്തിച്ചു നോക്കുന്നത് നല്ലതായിരിക്കും. തിന്മചെയ്യുവാനല്ല, തിന്മയെ നന്മകൊണ്ട് ജയിക്കാനാണ്, അങ്ങനെ നന്മചെയ്തുകൊണ്ട് ഈ ലോകത്തിൽ നമുക്ക് കിട്ടുന്ന ചുരുങ്ങിയ കാലയളവിനെ ധന്യമാക്കാനാണ് യേശു നമ്മോടാവശ്യപ്പെടുന്നത്: ''കണ്ണിനു പകരം കണ്ണ്, പല്ലിന് പകരം പല്ല്, ഏന്നു പറഞ്ഞിട്ടുള്ളതു നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. എന്നാൽ ഞാൻ നിങ്ങളോട് പറയുന്നു ദുഷ്ടനെ എതിർക്കരുത്. വലതുകരണത്തടിക്കുന്നവന് മറ്റേകരണം കൂടി കാണിച്ചുകൊടുക്കുക. നിന്നോടു വ്യവഹരിച്ച് നിന്റെ ഉടുപ്പ് കരസ്ഥമാക്കുന്നവന് മേലങ്കി കൂടി കൊടുക്കുക'' (മത്താ. 5, 38-40). ഇങ്ങനെ തിന്മയെ നന്മകൊണ്ട് ജയിക്കാൻ ആവശ്യപ്പെടുന്ന യേശുവിന്റെ പ്രബോധനങ്ങൾക്ക് അർഹിക്കുന്ന പ്രാധാന്യം നാം നമ്മുടെ ജീവിതത്തിൽ നൽകാറുണ്ടോ? നാം ചെയ്യേണ്ട നന്മ പ്രവർത്തികളുടെ ഒരു പട്ടികയും പൗലോസ് അപ്പോസ്തലൻ ഗലേഷ്യക്കാർക്കുള്ള തന്റെ ലേഖനത്തിൽ നൽകുന്നുണ്ട്: ''ആത്മാവിന്റെ ഫലങ്ങൾ സ്നേഹം, ആനന്ദം, സമാധാനം, ക്ഷമ, ദയ, നന്മ, വിശ്വസ്തത, സൗമ്യത, ആത്മസംയമനം ഇവയാണ്... നാം ആത്മാവിലാണ് ജീവിക്കുന്നതെങ്കിൽ നമുക്ക് ആത്മാവിൽ വ്യാപരിക്കാം. നാം പരസ്പരം പ്രകോപിക്കുന്നവരും അസൂയപ്പെടുന്നവരും വ്യർത്ഥാഭിമാനികളും ആകാതിരിക്കട്ടെ'' (ഗലേ. 5, 22-26). നന്മ ചെയ്യാനാഗ്രഹിക്കുന്നവർ ഉപയോഗിക്കേണ്ട ആയുധങ്ങൾ എന്തെല്ലാമായിരിക്കണമെന്നും പൗലോസ് അപ്പോസ്തലൻ നമ്മെ പഠിപ്പിക്കുന്നുണ്ട്: ''അതിനാൽ സത്യം കൊണ്ട് അരമുറുക്കി, നീതിയുടെ കവചം ധരിച്ച് നിങ്ങൾ ഉറച്ചു നിൽക്കുവിൻ. സമാധാനത്തിന്റെ സുവിശേഷത്തിനുള്ള ഒരുക്കമാകുന്ന പാദരക്ഷകൾ ധരിക്കുവിൻ. സർവ്വോപരി ദുഷ്ടന്റെ ജ്വലിക്കുന്ന കൂരമ്പുകളെ കെടുത്തുന്നതിന് നിങ്ങളെ ശക്തരാക്കുന്ന വിശ്വാസത്തിന്റെ പരിച എടുക്കുവിൻ. രക്ഷയുടെ പടത്തൊപ്പി അണിയുകയും ദൈവവചനമാകുന്ന ആത്മാവിന്റെ വാൾ എടുക്കുകയും ചെയ്യുവിൻ'' (എഫേ. 6, 14-17).

രോഗികളെ സുഖപ്പെടുത്തുന്ന, എല്ലാവർക്കും നന്മചെയ്തുകൊണ്ട് കടന്നു പോകുന്ന യേശുവിനെയാണല്ലോ ഇന്നത്തെ സുവിശേഷം നമുക്ക് കാണിച്ചുതരുന്നത്. മൂന്നുതരം രോഗികളാണ് സൗഖ്യത്തിനായി യേശുവിനെ സമീപിച്ചിരുന്നത്. ഒന്നാമതായി ശാരീരികമായ രോഗങ്ങളും വൈകല്യങ്ങളും ബാധിച്ചവർ, കുരുടനും മുടന്തനും, ഊമനും ചെകിടനും, കുഷ്ഠരോഗികളും അപസ്മാര രോഗികളുമൊക്കെ യേശുവിനെ സമീപിച്ചപ്പോൾ അവിടുന്ന് അവരെയെല്ലാം സുഖപ്പെടുത്തി. സുഖപ്പെടുത്തുക മാത്രമല്ല യേശു അവരെ ക്ഷമാപൂർവ്വം ശ്രവിക്കുകയും അവരോടു സ്നേഹപൂർവ്വം

പെരുമാറുകയും, അറപ്പുളവാക്കുന്ന അവരുടെ വ്രണങ്ങളെ ഒരു അമ്മയുടെ കരുതലോടെ സ്പർശിക്കുകയും അവരുടെ വിശ്വാസത്തെ പ്രശംസിക്കുകയും അവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതായി സുവിശേഷത്തിൽ നാം വായിക്കുന്നു. ''മകനേ, മകളേ, നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു. സമാധാനത്തിൽ പൊയ്ക്കൊള്ളുക'' എന്നു ധൈര്യപ്പെടുത്തിയാണ് യേശു അവരെ പറഞ്ഞയച്ചിരുന്നത്. രണ്ടാമത്തെ കൂട്ടം രോഗികൾ മാനസികമായ അസ്വസ്ഥത അനുഭവിക്കുന്നവരും വിവിധ തരം വ്യഗ്രതകളിലൂടെയും ആകുലതകളിലൂടെയും ജീവിത പ്രശ്നങ്ങളിലൂടെയും കടന്നുപോയവരായിരുന്നു. പ്രശ്നങ്ങൾക്ക് പരിഹാരം നൽകുന്ന ഉപദേശങ്ങളും കഥകളും അവിടുന്ന് അവർക്ക് പറഞ്ഞുകൊടുത്തു. മനസ്സിന് കുളിർമ നൽകുന്ന വാക്കുകളിലൂടെ അവിടുന്ന് അവരെ ആശ്വസിപ്പിച്ചു. മനോവേദന അനുഭവിക്കുന്നവരെയെല്ലാം അവിടുന്ന് ഇപ്രകാരം ആഹ്വാനം ചെയ്തുകൊണ്ട് തന്റെ പക്കലേയ്ക്ക് ക്ഷണിച്ചു: ''അദ്ധ്വാനിക്കുന്നവരും ഭാരം വഹിക്കുന്നവരുമായ നിങ്ങളെല്ലാവരും എന്റെ അടുക്കൽ വരുവിൻ; ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം'' (മത്താ. 11, 28). ജീവിത വ്യഗ്രതകളിലൂടെ കടന്നുപോകുന്നവരെ ധൈര്യപ്പെടുത്തിക്കൊണ്ട് അവിടുന്ന് പറഞ്ഞതിതാണ്: ''എന്തുഭക്ഷിക്കും, എന്തു പാനം ചെയ്യും എന്ന് ജീവനെക്കുറിച്ചോ, എന്ത് ധരിക്കും എന്നു ശരീരത്തെക്കുറിച്ചോ നിങ്ങൾ ഉത്കണ്ഠാകുലരാകേണ്ടാ.... ആകാശത്തിലെ പക്ഷികളെ നോക്കുവിൻ; അവ വിതയ്ക്കുന്നില്ല, കൊയ്യുന്നില്ല, കളപ്പുരയിൽ ശേഖരിക്കുന്നുമില്ല. എങ്കിലും നിങ്ങളുടെ സ്വർഗ്ഗസ്ഥനായ പിതാവ് അവയെ തീറ്റിപ്പോറ്റുന്നു. അവയെക്കാൾ എത്രയോ വിലപ്പെട്ടവരാണ് നിങ്ങൾ.... നിങ്ങൾ ആദ്യം ദൈവത്തിന്റെ രാജ്യവും അതിന്റെ നീതിയും അന്വേഷിക്കുക. അതോടൊപ്പം മറ്റുള്ളവയെല്ലാം നിങ്ങൾക്ക് ലഭിക്കും'' (മത്താ. 6, 25-26, 33). ആദ്ധ്യാത്മിക രോഗികളാണ് മൂന്നാമത്തെ കൂട്ടം രോഗികൾ. അതായത് പാപത്തിന് അടിമപ്പെട്ടുപോയവർ. അവരെയും യേശു വെറുക്കുകയോ തള്ളിക്കളയുകയോ ചെയ്തില്ല; കരുണയോടും സ്നേഹത്തോടും കൂടിയാണ് യേശു അവരോടു പെരുമാറിയത്; യേശുവിന്റെ ഈ സമീപന രീതി അവരിൽ ധാരാളം പേരെ മാനസാന്തരപ്പെടുത്തി. ചുങ്കക്കാരോടും പാപികളോടുമൊത്ത് അവിടുന്ന് ഭക്ഷിക്കുകയും പാനം ചെയ്യുകയും ചെയ്തു. തട്ടിപ്പിലൂടെയും ചൂഷണത്തിലൂടെയും സമ്പന്നനായിത്തീർന്ന സക്കേവൂസിനെ അവിടുന്ന് മാനസാന്തരപ്പെടുത്തി. കല്ലെറിഞ്ഞു കൊല്ലുവാൻ കൊണ്ടുവന്ന പാപിനിയായ സ്ത്രീയെ അവിടുന്ന് രക്ഷിച്ചു. മഗ്ദലേന മറിയത്തിന്റെ നിരവധിയായ പാപങ്ങൾക്ക് മോചനം നൽകി. മാനസാന്തരപ്പെട്ട നല്ല കള്ളനു പറുദീസ വാഗ്ദാനം ചെയ്തു. നീതിമാന്മാരെന്ന് സ്വയം ഭാവിച്ച ഒരു കൂട്ടർ പാപികളോടുള്ള യേശുവിന്റെ ഈ സമീപനത്തെ ചോദ്യം ചെയ്തപ്പോൾ അവിടുന്ന് അവർക്ക് നൽകിയ ഉത്തരമിതാണ്: ''ആരോഗ്യമുള്ളവർക്കല്ല, രോഗികൾക്കാണ് വൈദ്യനെക്കൊണ്ട് ആവശ്യം'' (മത്താ. 9, 12).

യേശുവിനെപ്പോലെ നമ്മാലാവുന്ന നന്മ മറ്റുള്ളവർക്ക് ചെയ്തുകൊടുത്തുകൊണ്ട് ഈ ലോകത്തിലെ നമ്മുടെ ചുരുങ്ങിയ കാലയളവിനെ ധന്യമാക്കാൻ നമുക്ക് നിശ്ചയിച്ചുറയ്ക്കാം. നന്മചെയ്യുന്നതിന് വളരെ വലിയ വിജ്ഞാനമോ പാണ്ഡിത്യമോ സമ്പത്തോ സൗകര്യമോ വേണമെന്നില്ല. ഈ ലോകത്തിൽ ഒന്നുമില്ലാത്തവനായിരുന്നു, തലചായ്ക്കാൻ സ്ഥലം പോലുമില്ലാത്തവനായിരുന്നു യേശു. എങ്കിലും മറ്റാരെക്കാളും കൂടുതൽ നന്മ മറ്റുള്ളവർക്ക് ചെയ്തുകൊണ്ട് അവിടുന്ന് കടന്നുപോയി. നല്ല മനസ്സുണ്ടെങ്കിൽ ആർക്കും നന്മ ചെയ്യാൻ സാധിക്കും. ഓരോ ദിവസവും നാം കണ്ടുമുട്ടുന്ന ആരെയും നിരാശപ്പെടുത്താതെ ഒന്നുമില്ലെങ്കിൽ ഒരു നല്ല വാക്കെങ്കിലും പറഞ്ഞ് അവരെ സന്തോഷിപ്പിക്കാനും പ്രോത്സാഹിപ്പിക്കാനും നമുക്ക് ശ്രമിക്കാം. അറിഞ്ഞോ അറിയാതെയോ നാം ഉരുവിടുന്ന ഓരോ കുത്തുവാക്കുകളും മറ്റുള്ളവർക്ക് ഉള്ള ആത്മവിശ്വാസത്തെയും നശിപ്പിച്ചുകളയും. എന്നാൽ ഒരു നല്ല വാക്കുമതി മറ്റുള്ളവരുടെ ജീവിതത്തെ ഒരു പുത്തൻ ഉണർവുകൊണ്ടും ചൈതന്യം കൊണ്ടും നിറയ്ക്കാൻ.

സ്കോട്ടലാണ്ടിലെ സുപ്രസിദ്ധ നോവൽ എഴുത്തുകാരനും കവിയുമായ വാട്ട്സ് സ്കോട്ട് തന്റെ ജീവിതത്തെ മാറ്റി മറിച്ച ഒരു സംഭവം വിവരിക്കുന്നുണ്ട്. പാവപ്പെട്ട ഒരു കുടുംബത്തിലാണ് അദ്ദേഹം ജനിച്ചത്. പഠിത്തത്തിൽ അദ്ദേഹം പിന്നോക്കമായിരുന്നു. പ്രൈമറി സ്കൂളിലെ വിദ്യാർത്ഥികളും അദ്ധ്യാപകർപോലും അദ്ദേഹത്തെ ''കഴുത'' എന്നു വിളിച്ച് കളിയാക്കുമായിരുന്നു. ചോദ്യങ്ങൾക്ക് ഉത്തരം പറയാത്തതു കാരണം പലപ്പോഴും ബഞ്ചിന്റെ മുകളിൽ കയറി നിൽക്കേണ്ടിവന്നിട്ടുണ്ട്. ഈ ബാലൻ ചില ചിത്രങ്ങൾ വരയ്ക്കുകയും കുഞ്ഞു കവിതകളെഴുതുകയും ചെയ്യുമായിരുന്നു. അതിനെയും സഹപാഠികൾ പുച്ഛമനോഭാവത്തോടെയാണ് നോക്കികണ്ടത്. എങ്ങനെയോ ഈ ബാലൻ വരച്ച ഒരു ചിത്രവും അതിന്റെ അടിയിൽ കുറിച്ച രണ്ടു വരി കവിതയും അയൽ വീട്ടിലെ ഒരു നല്ല മനുഷ്യന് ഇഷ്ടപ്പെട്ടു. അയാൾ ആ ചിത്രം തന്റെ വീട്ടിലെ ചുവരിൽ തൂക്കിയിട്ടു. അന്ന് വാട്ട്സ് സ്കോട്ട് എന്ന ബാലന്റെ പ്രായം 12 വയസ്സായിരുന്നു.

ഒരു ദിവസം ഈ അയൽക്കാരന്റെ വീട്ടിൽ വലിയൊരു വിരുന്നു സൽക്കാരം നടന്നു. അഥിതികളുടെ കൂട്ടത്തിൽ അന്ന് സ്കോട്ട്ലാണ്ട് മുഴുവനും അറിയപ്പെട്ടിരുന്ന സുപ്രസിദ്ധ കവിയായ റോബർട്ട് ബേൺസുമുണ്ടായിരുന്നു. ഈ കവിയുടെ ശ്രദ്ധ ചുവരിലെ ചിത്രത്തിൽ പതിഞ്ഞു. ആ ചിത്രവും അതിന്റെ അടിയിൽ കുറിച്ചിരുന്ന വരികളും അദ്ദേഹത്തിനു നന്നേ ഇഷ്ടപ്പെട്ടു. ചിത്രം വരച്ച 12 വയസ്സുകാരൻ വാട്ട്സ് സ്കോട്ടിനെ കാണാൻ അദ്ദേഹം ആഗ്രഹം പ്രകടിപ്പിച്ചു. റോബർട്ട് ബേൺ എന്ന സുപ്രസിദ്ധ കവി ബാലനെ കണ്ടപ്പോൾ അവന്റെ തലയിൽ സ്നേഹപൂർവ്വം കൈവച്ചുകൊണ്ട് പറഞ്ഞു: ''മിടുക്കൻ, ഒരുക്കാലത്ത് നീ സ്കോട്ടലാണ്ടിന്റെ അഭിമാനപാത്രമാകും''. ഈ വാക്കുകൾ കേട്ടപ്പോൾ പുതിയൊരു ശക്തി, ഒരു പുത്തൻ ചൈതന്യം ആ ബാലനിലേയ്ക്ക് പ്രവഹിക്കുന്നതായി അവനു തോന്നി. ''കഴുത'' എന്നു പറഞ്ഞ് സഹപാഠികൾ പരിഹസിച്ചിരുന്ന ആ ബാലനിൽ ഒളിഞ്ഞുകിടന്നിരുന്ന കഴിവുകൾ ആ നിമിഷം തെളിഞ്ഞുവരികയായിരുന്നു. വളരെതാമസിയാതെ തന്നെ അവൻ സ്കോട്ടലാണ്ടിലെ സുപ്രസിദ്ധ കവിയും നോവൽ എഴുത്തുകാരനുമായിത്തീർന്നു.

ഇതുപോലെ തന്നെ ഒരു അനുഭവം നമ്മുടെ ദേശിയകവിയായ രവീന്ദ്രനാഥ് ടാഗോറും വിവരിക്കുന്നുണ്ട്. അദ്ദേഹം പഠിച്ചത് കൽക്കട്ടായിലെ സെന്റ് സേവിയേഴ്സ് കോളേജിലായിരുന്നു. ഇംഗ്ലീഷിൽ വളരെ പ്രാവീണ്യമൊന്നും ടാഗോറിനില്ലായിരുന്നു. ഒരു ദിവസം പരീക്ഷാ ഹാളിൽ ചോദ്യങ്ങൾക്ക് ഉത്തരം കിട്ടാതെ ഡസ്കിൽ തലവച്ചുകിടന്ന ടാഗോറിന്റെ പക്കൽ ആ കോളേജിലെ പ്രൊഫസറായിരുന്ന ഒരു ഈശോസഭാ വൈദീകൻ വന്ന് സ്നേഹപൂർവ്വം അദ്ദേഹത്തെ തലോടിക്കൊണ്ട് ചോദിച്ചു: ''എന്താ മോനേ നിനക്ക് സുഖമില്ലേ? ധൈര്യമായിരിക്കുക. നീ നല്ല ബുദ്ധിയുള്ളവനാണ്. അറിയാവുന്ന ഉത്തരം എഴുതുക. തീർച്ചയായും നീ ജയിക്കും''. സ്നേഹപൂർവ്വമായ ഈ വാക്കുകൾ ടാഗോറിന്റെ ഹൃദയത്തിൽ പതിച്ചു. നഷ്ടപ്പെട്ട ധൈര്യവും ആത്മവിശ്വാസവും അദ്ദേഹം വീണ്ടെടുത്തു. ആ വൈദീകന്റെ വാക്കിലൂടെയും സ്പർശനത്തിലൂടെയും ക്രിസ്തുവിനെത്തന്നെ അനുഭവിച്ചറിഞ്ഞതായിട്ടാണ് ടാഗോർ എഴുതിയിരിക്കുന്നത്. പിന്നീട്ട് വിശ്വ സാഹിത്യത്തിന്റെ വിഹായസ്സിലേക്ക് പറന്നുയരാൻ അദ്ദേഹത്തിന് കഴിഞ്ഞു.

തിന്മയുടെ പ്രേരണകൾക്ക് കീഴ്പ്പെടാതെ, നന്മചെയ്തു കൊണ്ട്, ഒന്നുമില്ലെങ്കിൽ കാണുന്നവരെയെല്ലാം കുറെ നല്ല വാക്കുകൾകൊണ്ടെങ്കിലും പ്രോത്സാഹിപ്പിച്ചുകൊണ്ട് ഈ ആയുസ്സിൽ നമുക്ക് കിട്ടുന്ന ദിവസങ്ങളെ സുകൃതസമ്പന്നമാക്കാൻ നമുക്ക് ശ്രമിക്കാം. അതിനു വേണ്ട കൃപയ്ക്കായി ഈ ദിവ്യബലി അർപ്പിച്ചുകൊണ്ട് നമുക്ക് പ്രാർത്ഥിക്കാം. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.